©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 6<br>6th April 2021<br>1196 മീനം 23<br>23rd Meenam 1196<br>1943 ചൈത്രം 16<br>16th Chaithra 1943 | നമ്പർ<br>No. 14 |

## PART III

## Commissionerate of Land Revenue

(8)

നമ്പർ ബി3-1520/2021. 2021 ഫെബ്രുവരി 12.

പറവൂർ താലൂക്കിൽ പറവൂർ വില്ലേജിൽ നന്ത്യാട്ടുകുന്നം കരയിൽ കളത്തിൽ വീട്ടിൽ ഹരിഹരൻ മകൻ പ്രദീപ് എന്നയാൾ മരിച്ചുപോയെന്നും പരേതന്റെ അവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മാതാവ് സുശീല സമർപ്പിച്ച അപേക്ഷയിൻമേൽ പറവൂർ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി പ്രദീപ് 29-1-2014-ൽ മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 3 (മൂന്ന്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുശീല | മാതാവ് | 64 |
| 2 | ആര്യജിത്ത് | മകൻ | 12 |
| 3 | നീതുമോൾ | ഭാര്യ | 34 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം പറവൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(9)

നമ്പർ ബി3-2327/2021. 2021 മാർച്ച് 6.

പറവൂർ താലൂക്കിൽ പറവൂർ വില്ലേജിൽ കെടാമംഗലം കരയിൽ രാമാടിൽ വീട്ടിൽ നാരായണൻ മകൻ എൻ ദാമോദരൻ എന്നയാൾ മരിച്ചുപോയെന്നും പരേതന്റെ അവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ കെ. കമലാക്ഷി സമർപ്പിച്ച അപേക്ഷയിൻമേൽ പറവൂർ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി എൻ ദാമോദരൻ 1-2-2021-ൽ മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 5 (അഞ്ച്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | കെ. കമലാക്ഷി | ഭാര്യ | 73 |
| 2 | ബിപിൻ എൻ. ദാമോദരൻ | മകൻ | 46 |
| 3 | ബിന്ദു എൻ. ദാമോദരൻ | മകൾ | 50 |
| 4 | ബിജി എൻ. ദാമോദരൻ | ,, | 48 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം പറവൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പറവൂർ. തഹശീൽദാർ.

## Moovattupuzha Taluk

പരസ്യം

(1)

നമ്പർ എ4-11946/2020. 2021 ജനുവരി 4.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, വാളകം വില്ലേജ്, വാളകം കരയിൽ, എടപ്പാട്ടു വീട്ടിൽ ഇ. എ. ജോർജ് 30-5-2020-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യ സരള ജോർജ് സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സരള ജോർജ് | ഭാര്യ | 61 |
| 2 | എലിസബത്ത് സ്നേഹ ജോർജ് | മകൾ | 33 |
| 3 | സഞ്ജു ജോർജ് | മകൻ | 31 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്നു കാണിച്ച് അപേക്ഷകന് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ട താണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽമാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

(2)

നമ്പർ ബി5-1289/2021. 2021 ഫെബ്രുവരി 3.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മൂവാറ്റുപുഴ വില്ലേജ്, അടൂപ്പറമ്പ് കരയിൽ, ചിരട്ടിക്കാട്ടിൽ വീട്ടിൽ ഹാജി എ. എ. പരീത്പിള്ള 28-9-2015-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ മകൻ അബ്ദുൾ റഷീദ് എ. പി. സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുഹറ മൊയ്തീൻ | മകൾ | 68 |
| 2 | എ. പി. ബഷീർ | ,, | 66 |
| 3 | അബ്ദുൾ റഹ്മാൻ അസീസ് | ,, | 63 |
| 4 | എ. പി. സലീമ | മകൾ | 61 |
| 5 | അബ്ദുൾ റഷീദ്, എ. പി. | മകൻ | 59 |
| 6 | റംല ഷിയാസ് | മകൾ | 57 |
| 7 | റെജീന എ. പി. | ,, | 53 |
| 8 | മുഹമ്മദ് അജിംസ്, എ. പി. | മകൻ | 51 |
| 9 | ഐഷ കുഞ്ഞ് | ഭാര്യ | 83 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്നു കാണിച്ച് അപേക്ഷകയ്ക്ക് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽമാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

(3)

നമ്പർ ബി5-2546/2021. 2021 മാർച്ച് 5.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മേമ്മുറി വില്ലേജ്, മേമ്മുറി കരയിൽ മാടപ്പറമ്പിൽ വീട്ടിൽ ജോസഫ് കുര്യൻ 16-9-2019-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണ മെന്ന് ആവശ്യപ്പെട്ട് ടിയാന്റെ സഹോദരൻ എബ്രഹാം കുര്യൻ സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സിസിലി കുര്യാക്കോസ് | മാതാവ് | 83 |
| 2 | എബ്രഹാം കുര്യൻ | സഹോദരൻ | 55 |
| 3 | പോൾ കുര്യൻ | ,, | 53 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്നു കാണിച്ച് അപേക്ഷകയ്ക്ക് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസ ത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽമാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. തഹശീൽദാർ.

തിരുത്തൽ പരസ്യം

നമ്പർ ബി5-8776/2020. 2021 ഫെബ്രുവരി 11.

5-1-2021-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 1 (വാല്യം X, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 75-ൽ ക്രമനമ്പർ 9-ആയി പ്രസിദ്ധീകരിച്ച നമ്പർ എ4-8776/2019, എന്നത് എ4-8776/2020 എന്നും തീയതി 6-10-2019 എന്നത് 6-10-2020 എന്നും തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. തഹശീൽദാർ.

## Kunnathunad Taluk

പരസ്യം

(1)

നമ്പർ എ2-1526/2021. 2021 ഫെബ്രുവരി 10.

കുന്നത്തുനാട് താലൂക്കിൽ വേങ്ങൂർ വെസ്റ്റ് വില്ലേജിൽ തുരുത്തി കരയിൽ ഐക്കര വീട്ടിൽ ജി. ഭാസ്കരൻ നായർ എന്നയാൾ മരിച്ചുപോയെന്നും വിവിധ ആവശ്യങ്ങൾക്കായി ഒരു അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൻ സനികുമാർ, എ. ബി. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 29-1-2015-ാം തീയതി മരണമടഞ്ഞിട്ടുള്ളതാണെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഗോപിനാഥൻ നായർ, എ. ബി. | മകൻ | 62 |
| 2 | സുകുമാരി, എ. ബി. | മകൾ | 56 |
| 3 | ആനന്ദവല്ലി, എ. ബി. | ,, | 54 |
| 4 | ലതിക, എ. ബി. | ,, | 51 |
| 5 | സനികുമാർ, എ. ബി. | മകൻ | 47 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കുന്നത്തുനാട് തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എ2-1528/2021. 2021 ഫെബ്രുവരി 10.

കുന്നത്തുനാട് താലൂക്കിൽ വേങ്ങൂർ വെസ്റ്റ് വില്ലേജിൽ തുരുത്തി കരയിൽ ഐക്കര വീട്ടിൽ ജാനകിയമ്മ എന്നവർ മരിച്ചുപോയെന്നും വിവിധ ആവശ്യ ങ്ങൾക്കായി ഒരു അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ മകൻ സനികുമാർ, എ. ബി. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൾ 27-12-2018-ാം തീയതി മരണമടഞ്ഞിട്ടുള്ളതാണെന്നും പരേതയുടെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഗോപിനാഥൻ നായർ, എ. ബി. | മകൻ | 62 |
| 2 | സുകുമാരി, എ. ബി. | മകൾ | 56 |
| 3 | ആനന്ദവല്ലി, എ. ബി. | ,, | 54 |
| 4 | ലതിക, എ. ബി. | ,, | 51 |
| 5 | സനികുമാർ, എ. ബി. | മകൻ | 47 |